"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസിലും പരിസരത്തും നടത്തിയ മിന്നൽ പരിശോധന - കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/VIG തീയതി,തിരുവനന്തപുരം, 08-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06/06/2024 തീയതിയിലെ ഇ18-(പി.ഇ.7/2023/കെ.എസ്.ഡി) 23504/2022/ഡി.വി.എ.സി.ബി നമ്പർ കത്ത്.
2. 20/01/2025 തീയതിയിലെ എ3/138/2024/വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. 27/01/2025-ൽ ട്രാൻസ്പോർട്ട് കമ്മീണർക്ക് നൽകിയ എ3/138/2024/വിജി നമ്പർ കത്ത്.
4. ശ്രീ. ജയൻ.കെ.വി. സമർപ്പിച്ച 15/03/2025-ലെ പ്രതിവാദ പത്രിക.
5. ശ്രീ. ഷാജിൽ.കെ.രാജ് സമർപ്പിച്ച 14/03/2025-ലെ പ്രതിവാദ പത്രിക.
6. ശ്രീ. സുധീഷ്.എം.ജി. സമർപ്പിച്ച 13/03/2025-ലെ പ്രതിവാദ പത്രിക.
7. ശ്രീ. സാജു.വി.ജെ. സമർപ്പിച്ച 15/03/2025-ലെ പ്രതിവാദ പത്രിക.
8. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 24/03/2025, 26/05/2025-തീയതികളിലെ ജി1/23/2025/റ്റിസി നമ്പർ കത്തുകൾ.

**ഉത്തരവ്**

ഏജന്റുമാരെ ഉപയോഗിച്ച് ഡ്രൈവിങ് ടെസ്റ്റ് ഗ്രൗണ്ടിൽ നിന്നും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പണം പിരിച്ചെടുക്കുന്നത് സംബന്ധിച്ച് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസിലും ടെസ്റ്റ് ഗ്രൗണ്ട് പരിസരത്തും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാസർഗോഡ് യൂണിറ്റ് 27.04.2023 തീയതി ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

(2) മിന്നൽ പരിശോധനയിൽ കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസ് പരിസരത്ത് വെച്ച് ഏജന്റായ രാജാകൃഷ്ണൻ എന്നയാളുടെ കൈവശത്ത് നിന്നും കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസ് കേന്ദ്രീകരിച്ച് സി.എഫ്. ടെസ്റ്റിന് വരുന്ന വാഹന ഉടമകളിൽ നിന്നും ഡ്രൈവിംഗ് സ്കൂൾ/ഏജന്റ് മുഖേന 27.04.2023 നും ആയതിന് മുമ്പുള്ള ദിവസങ്ങളിലുമായി പിരിച്ചെടുത്ത 56,520/- രൂപയും ആയത് കളക്ട് ചെയ്യുന്നതിന് രേഖപ്പെടുത്തിയ കടലാസുകളും എം.വി.ഐ, എ.എം.വി.ഐ-മാർ അനധികൃതമായി നിയോഗിച്ചതായി രഹസ്യ വിവരത്തിൽ പറയുന്ന രാജാകൃഷ്ണൻ എന്ന ഏജന്റിൽ നിന്നും കണ്ടെത്തിയിരുന്നു. കൂടാതെ കാഞ്ഞങ്ങാട് സബ് ആർ.ടി ഓഫീസിലെ എം.വി.ഐ ജയൻ. എ.എം.വി.ഐ മാരായ ഷാജിൽ.കെ.രാജ്, സുധീഷ്, സാജു എന്നിവർ സി.എഫ്. ടെസ്റ്റ് സംബന്ധമായ വാഹനങ്ങളുടെ വിവരങ്ങളും മറ്റും വാട്സാപ്പ് വഴി ഏജന്റായ രാജാകൃഷ്ണൻ

എന്നയാൾക്ക് ഇത്തരത്തിൽ പിരിച്ചെടുക്കുന്നതിന് അയച്ച് കൊടുത്തതായി കാണപ്പെട്ടിരുന്നു. ഏജന്റിൽ നിന്നും പിടിച്ചെടുത്ത പണവുമായി കാഞ്ഞങ്ങാട് സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഉദ്യോഗസ്ഥർക്കുള്ള ബന്ധം കണ്ടെത്തുന്നതിനും പരിശോധനയിൽ കണ്ടെത്തിയ മറ്റു അപാകതകൾക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനുമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാസറഗോഡ് യൂണിറ്റിൽ പി.ഇ 07/2023/കെ. എസ്. ഡി ആയി 07.08.2023 തീയ്യതി പ്രാഥമികാന്വേഷണം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

(3) ആരോപണ വിധേയരായ ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരായിരുന്നു.

1. ശ്രീ. ജയൻ. കെ.വി, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർ.ടി ഓഫീസ് കാഞ്ഞങ്ങാട്
2. ശ്രീ. ഷാജിൽ. കെ. രാജ്, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർ.ടി ഓഫീസ് കാഞ്ഞങ്ങാട്
3. ശ്രീ. സുധീഷ്. എം. ജി, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർ. ടി ഓഫീസ് കാഞ്ഞങ്ങാട്
4. ശ്രീ. സാജു. വി. ജെ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് ആർ. ടി ഓഫീസ് കാഞ്ഞങ്ങാട്

(4) 27.04.2023 തീയ്യതി കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസിൽ പരിശോധന നടത്തിയതിൽ എം.വി.ഐ ശ്രീ. ജയൻ.കെ.വി, എ.എം.വി.ഐ മാരായ ഷാജിൽ.കെ.രാജ്(റിട്ട), സുധീഷ്.എം.ജി, സാജു.വി.ജെ എന്നിവർ ഹാജരുള്ളതായും മേൽ ഉദ്യോഗസ്ഥരെ നിയമവിരുദ്ധമായി പല തരത്തിൽ രാജാകൃഷ്ണൻ, വിനോദ്.ടി.കെ(ഒമേഗ വിനോദ്), പുരുഷോത്തമൻ, അബൂബക്കർ എന്നിങ്ങനെയുള്ള ഓട്ടോ കൺസൾട്ടന്റ്മാർ സ്വാധീനിക്കുന്നതായും അവർ ഡ്രൈവിംഗ് സ്കൂൾ ഉടമകളെയും മറ്റു വാഹന സംബന്ധമായ സേവനങ്ങൾ ചെയ്തു കൊടുക്കുന്ന ഓട്ടോ കൺസൾട്ടന്റ്മാരെയും അപേക്ഷകരായ പൊതു ജനങ്ങളെയും സ്വാധീനിച്ച് സി.എഫ് ടെസ്റ്റിന് ഹാജരാകുന്നവരിൽ നിന്നും സർക്കാർ അംഗീകൃത ഫീസിന്റെ ഇരട്ടിയോളം തുക പിരിച്ചെടുത്ത് ഓൺലൈൻ സംവിധാനത്തെ അട്ടിമറിക്കുന്നതായും ആയതിൽ നിന്നും ഒരു വിഹിതം കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസിലെ എം.വി.ഐ ശ്രീ. ജയൻ.കെ.വി, എ.എം.വി.ഐ മാരായ ഷാജിൽ.കെ.രാജ്(റിട്ട), സുധീഷ്.എം.ജി, സാജു.വി.ജെ എന്നിവർക്ക് നൽകുന്നതായും ഇത്തരത്തിൽ മേൽ ഉദ്യോഗസ്ഥർ അനധികൃതമായി സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതായും പ്രാഥമികാന്വേഷണത്തിന്റെ ഭാഗമായി ശേഖരിച്ച രേഖാപരമായ തെളിവുകളിൽ നിന്നും സാക്ഷിമൊഴികളിൽ നിന്നും വ്യക്തമാകുന്നുണ്ട്.

(5) കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസിന് കീഴിൽ ഓട്ടോ കൺസൾട്ടന്റുമാരായി പ്രവർത്തിച്ചു വരുന്ന ആളുകളും ഡ്രൈവിംഗ് സ്കൂൾ ഉടമകളും മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായി അവിശുദ്ധ ബന്ധം സ്ഥാപിക്കുന്നതിനായാണ് രാജാകൃഷ്ണൻ എന്നയാളെ ഏജന്റായി നിയമിച്ചതെന്നും വ്യക്തമാകുന്നു. ഇത്തരത്തിൽ രാജാകൃഷ്ണൻ എന്നയാൾ അനധികൃതമായി മതിയായ യാതൊരു തെളിവുകളും ഉറവിടവും വ്യക്തമാക്കാതെ 56,520/- രൂപ കൈയ്യിലും വാഹനത്തിലുമായി സൂക്ഷിച്ച് സബ് ആർ.ടി ഓഫീസിന്റെ പരിസരത്തും മറ്റുമുള്ള ഓട്ടോ കണസൾട്ടന്റുമാരുടെയും ഡ്രൈവിംഗ് സ്കൂൾ ഉടമകളിൽ നിന്നും പണം പിരിച്ച് വരവെയാണ് പിടിക്കപ്പെട്ടതെന്നും പ്രസ്തുത പണം കാഞ്ഞങ്ങാട് സബ് ആർ.ടി ഓഫീസിന് പുറത്തുവെച്ച് നൽകുന്നതിനായാണ് സൂക്ഷിച്ചതെന്നും പിന്നീട് ആയത് കാഞ്ഞങ്ങാട് സബ് ആർ.ടി. ഓഫീസിലെ എം.വി.ഐ. എ.എം.വി.ഐ മാർക്കും വീതം വെച്ച് നൽകുന്നതിനാണെന്നും വ്യക്തമാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളും ശിപാർശകളും അംഗീകരിച്ചുകൊണ്ട് ആരോപണവിധേയരായ കാഞ്ഞങ്ങാട് സബ് ആർ.ടി ഓഫീസിലെ മോട്ടോർ വെഹിക്കിൾ

ഇൻസ്പെക്ടർ ശ്രീ. ജയൻ.കെ.വി., അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ ശ്രീ. ഷാജിൽ.കെ.രാജ്(റിട്ട), ശ്രീ. സുധീഷ്.എം.ജി., ശ്രീ.സാജു.വി.ജെ എന്നിവർക്കെതിരെ ട്രിബ്യൂണൽ എൻക്വയറിക്ക് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

(6) സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് പരാമർശം (2) പ്രകാരമുള്ള കുറ്റാരോപണ മെമ്മോ പരാമർശം (3) പ്രകാരം ഗതാഗത കമ്മീഷണർ മുഖേന നൽകിയിരുന്നു. എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ടുള്ള ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ (4), (5), (6), (7) എന്നിവ പ്രകാരമുള്ള പ്രതിവാദ പത്രിക പരാമർശം (9) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. സർക്കാർ ഉദ്യോഗസ്ഥർ എന്ന നിലയിൽ അനുചിതമായ ഒരു പ്രവർത്തിയും തങ്ങൾ ചെയ്തിട്ടില്ലെന്നും അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ലെന്നും തങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചയിട്ടുണ്ടെങ്കിൽ അത് മാപ്പാക്കണം എന്നും തങ്ങളുടെ വിശദീകരണം അംഗീകരിക്കണമെന്നും തങ്ങൾ നിരപരാധിയാണെന്ന് കണ്ട് കുറ്റവിമുക്തരാക്കണമെന്നും പ്രതിവാദ പത്രികയിൽ ആരോപണ വിധേയർ അഭ്യർത്ഥിച്ചിരുന്നു.

(7) തങ്ങളെ നേരിൽ കേൾക്കണമെന്ന പ്രതിവാദ പത്രികയിലെ അഭ്യർത്ഥന പ്രകാരം കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ 08.07.2025-ന് വിജിലൻസ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി . പ്രതിവാദ പത്രികയിൽ ഉന്നയിച്ച വാദങ്ങൾ തന്നെ പ്രസ്തുത ഉദ്യോഗസ്ഥർ ഹിയറിംഗ് വേളയിലും ആവർത്തിക്കുകയുണ്ടായി.

(8) സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതർക്ക് തങ്ങൾ സമർപ്പിച്ച വാദങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളൊന്നും ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാളുകൾക്ക് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതരുടെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് സബ് ആർ.ടി ഓഫീസിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ.ജയൻ.കെ.വി., അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ ശ്രീ. ഷാജിൽ.കെ.രാജ് (റിട്ട), ശ്രീ. സുധീഷ്.എം.ജി., ശ്രീ. സാജു.വി.ജെ എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

(9) പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

(10) ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്യാം ടി കെ

ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)

ശ്രീ. ജയൻ.കെ.വി., മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കാഞ്ഞങ്ങാട്. (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ശ്രീ. ഷാജിൽ.കെ.രാജ് (റിട്ട), അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, റീജയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കോഴിക്കോട്. (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ശ്രീ. സുധീഷ്.എം.ജി., അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കാഞ്ഞങ്ങാട്. (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ശ്രീ. സാജു.വി.ജെ., അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കാഞ്ഞങ്ങാട്.(ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini T R
Date: 11-08-2025 15:37:56

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.